Chief Minister (**Shri R. Sankar**) :

(a) and (b) Information is being collected.

(c) The sanction of Government is not necessary for closing the Provident Fund.

(d) No. But the Regional Deputy Director, Ernakulam had sought certain clarifications on the implementation of the Provident Fund Rules and the clarifications are being issued by the Director of Public Instruction.

(e) See answer to (d). Further particulars are being collected.

ശ്രീ. എം. നാരായണക്കുറുപ്പ് : വിവരങ്ങൾ ശേഖരിച്ചു വരുന്നുവെന്നു പറഞ്ഞു. എന്താണ് ഇന്നു പ്രോവിഡൻറ് ഫണ്ട് തിരിച്ചു കൊടുക്കുന്നതിൽ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നയം ?

ശ്രീ. ആർ. ശങ്കർ : പ്രോവിഡൻറുഫണ്ട് മടക്കി കൊടുക്കുവാൻ അർഹതയുള്ള എല്ലാവർക്കും കൊടുക്കണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയം.

ശ്രീ. എം. നാരായണക്കുറുപ്പ് : മടക്കിക്കൊടുക്കലാണോ നയമെങ്കിൽ 1962-ന ശേഷം എത്രപേർക്കു മടക്കിക്കൊടുത്തിട്ടുണ്ട് ?

ശ്രീ. ആർ. ശങ്കർ : കുറെപേർക്കു മടക്കിക്കൊടുത്തിട്ടുണ്ടെന്നേറിയാം. സംസ്ഥാനം ഒട്ടുക്കുള്ള വിവരങ്ങൾ കിട്ടിയിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ കുറെ പേർക്കു കൊടുത്തിട്ടുണ്ട്.

ശ്രീ നാരായണ കാളേജ് സ്റ്റാഫ് അസോസിയേഷൻെറ സ്ട്രൈക്ക് നോട്ടീസ്.

* 889. [29] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന പോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ശ്രീ നാരായണ കാളേജ് സ്റ്റാഫ് അസോസിയേഷൻ കാളേജദ്ധ്യാപകർ ഈ മാസം 15-ാം തീയതി മുതൽ കാളേജിൽ ഹാജരാവുന്നതല്ലെന്നു കാണിച്ച് മാനേജുമെൻറ് കമ്മിറ്റിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടോ ;

(ബി) അവർക്ക് ഗ്രാൻറ്-ഇൻ-എയിഡു കോഡു പ്രകാരമുള്ള മിനിമം ശമ്പളനിരക്കു കൊടുക്കാറില്ലേ ;

(സി) അവർ മാനേജുമെൻറ് കമ്മിറ്റിയുടെ മുമ്പാകെ വച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) 15-ാം തീയതി മുതൽ ആരംഭിച്ചേക്കാവുന്ന കാളേജദ്ധ്യാപകന്മാരുടെ പണിമുടക്ക് ഒഴിവാക്കുവാൻ ഗവണ്മെൻറ് ഇടപെട്ടിട്ടുണ്ടോ ;

(ഈ) ഇല്ലെങ്കിൽ അടിയന്തിരമായി ഇടപെടുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കൊടുത്തിട്ടുണ്ട്.

(ബി) ഇല്ലെന്നാണ് സർവ്വകലാശാല അധികൃതരിൽ നിന്നും അറിയുന്നത്.

(സി) എല്ലാ ആവശ്യങ്ങളെക്കുറിച്ചും അറിയാൻ കഴിഞ്ഞിട്ടില്ല. പ്രധാന ആവശ്യം ഗ്രാൻറ്-ഇൻ-എയിഡ് നിരക്കിൽ ശമ്പളം കിട്ടണമെന്നുള്ളതാണ്.

(ഡി, ഈ) സർവ്വകലാശാല അധികൃതർ നടപടി എടുത്തുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോഴും ഗവണ്മെൻറ് അതു ഏറെറടുക്കണമെന്നു വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : അദ്ധ്യാപകന്മാർ സ്ട്രൈക്ക് നോട്ടീസ് കൊടുക്കുവാനുണ്ടായ പശ്ചാത്തലം എന്താണെന്നു ഗവണ്മെന്റ് അന്വേഷിക്കുമോ ?

ശ്രീ. ആർ. ശങ്കർ : നോട്ടീസ് കൊടുക്കണമെന്നു തോന്നിയപ്പോഴാണ് കൊടുത്തത് എന്നേയുള്ളൂ. ശമ്പളം കൊടുക്കുന്നതിനു പ്രതിബന്ധമായി വന്നതു് യൂണിവേഴ്സിറ്റി ഇവരുടെ പുതിയ ശമ്പള നിരക്ക് ഫിക്സ് ചെയ്ത അവരെ അറിയിച്ചിട്ടില്ല എന്നുള്ളതാണ്. ശമ്പളം കൊടുക്കുവാൻ സന്നദ്ധമാണെന്നു മാനേജ്മെന്റ് യൂണിവേഴ്സിറ്റി അധികൃതരേയും അദ്ധ്യാപകരേയും അറിയിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ നിന്നും അതു ഫിക്സ് ചെയ്തു കിട്ടിയിട്ടില്ല. സ്ട്രൈക്ക് നോട്ടീസ് കൊടുത്തുവെങ്കിലും പിന്നീട് അതിനെ സംബന്ധിച്ച കോംപ്രമൈസ് ഉണ്ടായിട്ടുണ്ട്. മിനിമം സാലറി വാങ്ങിച്ചുകൊണ്ട് ഈ 'Controversy close' ചെയ്യുന്നതിനു ഇരു കൂട്ടരും സമ്മതിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : യൂണിവേഴ്സിറ്റി ഇവരുടെ ശമ്പളം ഫിക്സ് ചെയ്യാത്തതു് എന്തുകൊണ്ടാണ് ? മാനേജ്മെന്റ് അവരുടെ ഉത്തരവാദിത്വം ശരിക്കു നിർവ്വഹിക്കാത്തതുകൊണ്ടാണോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. പി. എസ്. കാർത്തികേയൻ : യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഇതു അംഗീകരിച്ചാൽ മാത്രമല്ലേ ശമ്പളം ഫിക്സു ചെയ്യാൻ സാധിക്കുകയുള്ളു എന്നാണോ ?

ശ്രീ. ആർ. ശങ്കർ : അതുയേ സാധിക്കുകയുള്ളു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അദ്ധ്യാപകന്മാർക്ക് യു. ജി. സി. യിൽ നിന്നും കൊടുക്കുന്ന അഷ്വറൻസ് സർട്ടിഫിക്കറ്റു കിട്ടാത്തതുകൊണ്ടാണ് ശമ്പളം ഫിക്സു ചെയ്യാത്തതെന്നു അറിയുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ഈ കാര്യത്തിൽ അതൊന്നും അതു നിർബ്ബന്ധമല്ല. മാനേജ്മെന്റ് ശമ്പളം കൊടുക്കുവാൻ സമ്മതമുള്ളവരാണ്. എതുയാണ് കൊടുക്കേണ്ടതു എന്നു് അവർക്ക് അറിവില്ലായിരുന്നു. പഴയ ശമ്പളം കൊടുക്കാമെന്നു പറഞ്ഞു. അതു കോംക്കാതെയാണു സ്ട്രൈക്കിനു നോട്ടീസ് കൊടുത്തതു്.

ശ്രീ. കെ. സി. ഏബ്രഹാം : അദ്ധ്യാപകരുടെ സ്ട്രൈക്ക് നിരുൽസാഹപ്പെടുത്തുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ? അവരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ന്യായമായിട്ടല്ലാതെ സ്ട്രൈക്ക് എടുക്കുകയാണെങ്കിൽ അവരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. മാധവൻ : ഗ്രാൻറ്സ് കമ്മീഷന്റെ നിരക്കുപ്രകാരമുള്ള മിനിമം സാലറി കൊടുക്കാത്തതുകൊണ്ടാണ് അദ്ധ്യാപകരുടെ ഇടയിൽ അസംതൃപ്തിയും അസ്വസ്ഥതയും ഉണ്ടാകുന്നതെന്നുള്ളതിനെ പരിഗണിച്ച് അവർക്ക് മിനിമം സാലറി കൊടുക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : ഇവിടെ പറഞ്ഞതു് ബഹുമാനപ്പെട്ട മെമ്പർ കേട്ടില്ല എന്നു തോന്നുന്നു. മിനിമം സാലറി കൊടുക്കാമെന്നും അതനുസരിച്ചു സ്ട്രൈക്ക് നോട്ടീസ് പിൻവലിച്ചുവെന്നുമാണ് ഞാൻ ഇവിടെ പറഞ്ഞതു്.

ശ്രീ. ഈ. പി. ഗോപാലൻ : മാനേജ്മെൻറിന്റെ അനാസ്ഥകൊണ്ടു് അദ്ധ്യാപകന്മാർക്കു ശമ്പളം കിട്ടാതെയും മറും വിഷമിക്കേണ്ടിവരികയാണെങ്കിൽ അത്തരം മാനേജ്മെൻറിന്റെ നേരെ കർശനമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : മനപ്പൂർവ്വമായി മാനേജ്മെൻറ് കുഴപ്പം സൃഷ്ടിക്കുകയാണെങ്കിൽ അവരുടെ മേൽ നടപടിയെടുക്കുന്നതിന യാതൊരു പ്രയാസവുമില്ല. അതോടൊപ്പം അദ്ധ്യാപകരുടെ ഈ സ്ട്രൈക്കും അങ്ങേയറ്റം നിരുൽസാഹപ്പെടുത്തുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മാനേജ്മെൻറിൻെറ കുഴപ്പംകൊണ്ട് സ്ട്രൈക്കിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ അവരുടെമേൽ നടപടിയെടുക്കുന്നതോടൊപ്പം ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ട് കുഴപ്പം വരുകയാണെങ്കിൽ അവരുടെമേലും കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഉദ്യോഗസ്ഥന്മാർ അവരുടെ കർത്തവ്യം ശരിക്കു നിറ്റ്വഹിക്കുന്നില്ലെങ്കിൽ അവരുടെമേൽ നടപടി സ്വീകരിക്കുവാൻ നേരത്തെ തന്നെ ഉള്ളതാണ്. അതനുസരിച്ചു പ്രവർത്തിക്കുന്നതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പ്രതിവർഷം 22,000 രൂപ ഫീസു വരവും, പതിനായിരം രൂപ അദ്ധ്യാപകരുടെ ശമ്പള ഇനത്തിൽ ചെലവും ഇരിക്കേ അദ്ധ്യാപകന്മാരുടെ ദുസ്സ്ഥിതി മനസ്സിലാക്കിക്കൊണ്ട് മാനേജ്മെൻറ് തന്നെ ശമ്പളം കൊടുക്കുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : വസ്തുതകൾ നേരെ മനസ്സിലാക്കാതെയാണ് പറയുന്നത്. മാനേജ്മെൻറിനു ശമ്പളം കൊടുക്കുവാൻ വിരോധമില്ല. എത്രയെന്നു അറിഞ്ഞിട്ടുവേണ്ടേ കൊടുക്കുവാൻ? ഫീസ് കളക്ടറുചെയ്തെടുത്താൽ ശമ്പളം മാത്രം കൊടുത്താൽ മതിയെന്നു ധരിച്ചിരിക്കുകയാണോ ? മറ്റു പല ചെലവുകളും ഉണ്ട്. ഇവിടെ ഈ കാളേജിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതു മലബാർ ഏരിയായിലുള്ളതാണ്. മദ്രാസിലെ ഏർപ്പാട് അനുസരിച്ചു ഗ്രാൻറ് ഇൻ എയ്ഡ് പ്രകാരം ഒരിക്കലും മിനിമം സാലറി കൊടുത്തിട്ടില്ല. പുതിയ കേരളാ റൂൾസ് വന്നപ്പോഴാണ് ഈ കാളേജിൻെറ കാര്യം കണക്കിലെടുത്തത്. അതു പ്രകാരം ഗ്രാൻറ്സ് കമ്മീഷനാണ് ഫിക്സ് ചെയ്യേണ്ടതു്. അതിൻെറ ചുമതല യൂണിവേഴ്സിറ്റിക്കാണ്. മിനിമം സാലറി കൊടുക്കുവാൻ കഴിയും. അതിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപകർ ഒത്തുതീർപ്പിനു സന്നദ്ധമായിട്ടുണ്ട്.

കുടിശ്ശിക വരുത്തിയിട്ടുള്ള സൊസൈറ്റികൾക്കെതിരായ നടപടി

* 890. [31] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ആകെ എത്ര ഹാൻഡ്ലൂം ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സൊസൈറ്റികൾക്കു വായ്പയായി അനുവദിച്ച സംഖ്യ എത്ര ;

(സി) കുടിശ്ശിക വരുത്തിയിട്ടുള്ള സൊസൈറ്റികൾക്കെതിരായി റവന്യൂ റിക്കവറി ആക്ടനുസരിച്ച് നടപടി എടുക്കുവാൻ ജില്ലാ കളക്ടർമാർക്കു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് സൊസൈറ്റികളുടെ അധഃപതനത്തിനു കാരണമാകുമെന്ന വസ്തുത പരിഗണിച്ച് നിർദ്ദേശം പിൻവലിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 12

(ബി) സാമ്പത്തികവർഷം 1962–63 അവസാനം വരെ 9,13,814 രൂ. വായ്പയായി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly